**ജില്ലാ ദുരന്ത നിവാരണ അതോറിറ്റി, ഇടുക്കി**
**ജില്ലാ എമർജൻസി ഓപ്പറേഷൻ സെന്റർ, സിവിൽ സ്റ്റേഷൻ,**
**പൈനാവ്.പി.ഒ, കുയിലിമല, പിൻ - 685603**
ഇമെയിൽ : deocidk@gmail.com
ഫോൺ : 04862 233111, 233130, മൊബൈൽ : 9383463036,7034447100

Break the Chain

**ജില്ലാ കളക്ടർ & ചെയർമാൻ, ജില്ലാ ദുരന്തനിവാരണ അതോറിറ്റി, ഇടുക്കിയുടെ നടപടിക്രമം.**
**(ഹാജർ: എച്ച്. ദിനേശൻ ഐ എ എസ്)**

വിഷയം: കൊവിഡ് 19 - ഇടുക്കി ജില്ല - കൺടെയിൻമെന്റ് മേഖലകൾ വിജ്ഞാപനം ചെയ്ത്/ വിടുതൽ ചെയ്ത് - കർശന നിയന്ത്രണങ്ങൾ ഏർപ്പെടുത്തി ഉത്തരവാകുന്നു.

പരാമർശം :
1) G.O (Ms) No. 18/2020/DMD തീയതി 17.06.2020
2) G.O (Rt) No. 391/2021/DMD തീയതി 30.04.2021
3) 15.04.2021 ലെ ഇടുക്കി ജില്ലാ ദുരന്തനിവാരണ അതോറിറ്റി യോഗത്തിലെ തീരുമാനം.
4) ജില്ലാ മെഡിക്കൽ ഓഫീസർ (ആ) യുടെ 01.07.2021 തീയതിയിലെ അപേക്ഷ.

**ഉത്തരവ് നമ്പർ DCIDK/65/2021-DM1 തീയതി: 01-07-2021**

കൊവിഡ് - 19 നിർവ്യാപനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങളും, ഇളവുകളും സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. കൺടെയിൻമെന്റ് മേഖലകളിൽ നിലവിലെ ലോക്ക്ഡൌൺ നിയന്ത്രണങ്ങൾ തുടരുന്നതിനും, ആവശ്യമെങ്കിൽ പ്രസ്തുത മേഖലകളിൽ അധിക നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതിനും ജില്ലാ കളക്ടർമാർക്ക് അധികാരം നൽകിയും ഉത്തരവായിട്ടുണ്ട്. സംസ്ഥാനത്തെ കണ്ടെയ്ൻമെന്റ് മേഖലകൾ നിർണ്ണയിക്കുന്നത് സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

ജില്ലയിലെ കൊവിഡ് വ്യാപനം കണക്കിലെടുത്ത് കണ്ടെയ്ൻമെന്റ് മേഖലകളിൽ ഉൾപ്പെടുത്തേണ്ട/ ഒഴിവാക്കേണ്ട മേഖലകൾ സംബന്ധിച്ച് പരാമർശം (4) പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസർ (ആ) ശുപാർശ സമർപ്പിച്ചിട്ടുണ്ട്.

ജില്ലയിൽ സമ്പർക്കം മൂലമുള്ള കോവിഡ് - 19 കേസുകൾ റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ കണ്ടെയ്ൻമെന്റ് മേഖലകളായി വിജ്ഞാപനം ചെയ്തിരുന്ന **ചുവടെ ചേർക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡുകൾ/ പ്രദേശങ്ങൾ കണ്ടെയ്ൻമെന്റ് മേഖലകളിൽ നിന്നും ഒഴിവാക്കി** ദുരന്തനിവാരണ നിയമം 2005 സെക്ഷൻ 30 (2 ) (v) പ്രകാരം ഉത്തരവാകുന്നു.

| ക്രമ നം. | തദ്ദേശ സ്വയംഭരണ സ്ഥാപനം | കണ്ടെയിൻമെന്റ്/ മൈക്രോ കണ്ടെയിൻമെന്റ് സോൺ |
|---|---|---|
| 1. | നെടുങ്കണ്ടം ഗ്രാമപഞ്ചായത്ത് | a) 2 -ാം വാർഡ് പൂർണ്ണമായി.<br>b) വാർഡ് 3 ൽ മൂലെകളം ചാക്കോ കട മുതൽ ഉപ്പുകണ്ടം ഭാഗം മുഴുവനായി |
| 2. | മാങ്കുളം ഗ്രാമപഞ്ചായത്ത് | a) 10 -ാം വാർഡിൽ വേലിയാംപാറ കുടി പൂർണ്ണമായും<br>b) വാർഡ് 7 ൽ ഉൾപ്പെട്ട കമ്പനിക്കുടി പൂർണമായി |

| | | |
|---|---|---|
| 3. | മണക്കാട് ഗ്രാമപഞ്ചായത്ത് | a) 11, 12, 13 വാർഡുകൾ (മൈക്രോ) - വഴിത്തല Exchange മുതൽ ഗവ. ആയുർവേദ ഹോസ്പിറ്റൽ വരെ<br>b) വാർഡ് 10 പൂർണ്ണമായി<br>c) 6, 7 വാർഡുകളിൽ ഉൾപ്പെട്ടു വരുന്ന അമ്പലം - അശ്വതി ഇൻഡസ്ട്രിയൽ റോഡ് മുതൽ പെരിഞ്ചീരക്കുന്നു റോഡിനു ഇടതുവശം മാത്രം |
| 4. | ചിന്നക്കനാൽ ഗ്രാമപഞ്ചായത്ത് | a) 7 -ാം വാർഡിൽ ഉൾപ്പെട്ട് വരുന്ന ടാങ്ക് കുടി എന്ന പ്രദേശം<br>b) 3, 10 വാർഡുകളിൽ ഉൾപ്പെട്ട് വരുന്ന എച്ച്.എം.എൽ ഗേറ്റ് മുതൽ ജോസഫ് നഗർ വരെയുള്ള ഭാഗങ്ങളും, സൂര്യനെല്ലി ടൌണും |
| 5. | രാജകുമാരി ഗ്രാമപഞ്ചായത്ത് | 3 (ഖജനാപ്പാറ), 4 (അരമനപ്പാറ), 5 (ബി ഡിവിഷൻ) എന്നീ വാർഡുകൾ പൂർണ്ണമായും |

ചുവടെ ചേർക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡുകൾ/ പ്രദേശങ്ങൾ കണ്ടെയ്ൻമെന്റ്/ മൈക്രോ കണ്ടെയിൻമെന്റ് മേഖലകളായി തുടരുന്നതാണ്.

| **ക്രമ നമ്പർ** | **തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പേര്** | **കണ്ടെയിൻമെന്റ്/ മൈക്രോ കണ്ടെയിൻമെന്റ് മേഖല** |
|---|---|---|
| 1. | വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്ത് | 6-ാം വാർഡ് പൂർണ്ണമായും. |
| 2. | വെള്ളിയാമറ്റം ഗ്രാമപഞ്ചായത്ത് | a) വാർഡ്-2 ൽ ഇളംദേശം കുരിശു പള്ളി മുതൽ മുറിയത്തോട്ടു വരെയും ഇളംദേശം അമ്പലം റോഡിൻരെ പടിഞ്ഞാറേ ഭാഗം മുതൽ മുറിയത്തോട്ടു വരെയും<br>b) 1 -ാം വാർഡിൽ ഉൾപ്പെട്ട് വരുന്ന കലയന്താനി പന്നിമറ്റം റോഡിൽ കൊന്താലപള്ളി ജുമാ മസ്ജിദ് മുതൽ പഞ്ചായത്ത് സ്മശാനം വരെയും, റോഡിനിരുവശവും ഉള്ള ഭാഗങ്ങളും. |
| 3. | ഇടവെട്ടി ഗ്രാമപഞ്ചായത്ത് | 1, 5, 7, 12, 13 വാർഡുകൾ പൂർണ്ണമായും |
| 4. | തൊടുപുഴ നഗരസഭ | a) 24 -ാം വാർഡ് പൂർണ്ണമായി<br>b) വാർഡ്-26 ൽ പൊട്ടോളിൽ റോഡിന്റെ തുടക്കം മുതൽ വലരിയിൽ രാജന്റെ വീട്ടുവരെ റോഡിന് ഇരുവശവും ഉള്ള ഭാഗങ്ങൾ |
| 5. | അടിമാലി ഗ്രാമപഞ്ചായത്ത് | a) 9 -ാം വാർഡിൽ ഉൾപ്പെട്ട് വരുന്ന പീച്ചാട് പ്ലാമലക്കുടി റോഡിൽ കുടകല്ല ജംഗ്ഷൻ മുതൽ പ്ലാമലക്കുടി വരെയും ഞാവൽപാറകുടി വരെയും ഉള്ള പ്രദേശങ്ങൾ.<br>b) 1 -ാം വാർഡിൽ ഉൾപ്പെട്ടു വരുന്ന മാമലക്കണ്ടം കുറത്തിക്കുടി റോഡിൽ എളംബ്ലാശേരി ഫോറസ്റ്റ് ചെക്ക് പോസ്റ്റ് മുതൽ കുറത്തി കുടി ക്ഷേത്രത്തിനു സമീപം ഉള്ള പൊന്നപ്പൻ പടി വരെയുള്ള ഭാഗങ്ങൾ |

| | | |
|---|---|---|
| | | c) 4 -ാം വാർഡിൽ ഉൾപ്പെട്ട് വരുന്ന പടിക്കപ്പ കട്ടമുടി റോഡിൽ ജയൻ മുതിരയിൽ വീട് മുതൽ കട്ടമുടി സരസ്വതി നടരാജൻ വീട് വരെയുള്ള ഭാഗങ്ങൾ |
| 6. | വണ്ടന്മേട് ഗ്രാമപഞ്ചായത്ത് | 13 -ാം വാർഡ് പൂർണ്ണമായും |
| 7. | മാങ്കുളം ഗ്രാമപഞ്ചായത്ത് | a) വാർഡ് -2 ലെ കവൈറ്റ് സിറ്റി പാലം മുതൽ സെവൽ കുടി കവിതക്കാട് റോഡ്- ഉമ്മകവല മുള്ളൻ കട റോഡും, സെവൽ കുടി പൂർണമായും<br>b) 3 -ാം വാർഡ് പൂർണ്ണമായി |
| 8. | കാന്തല്ലൂർ ഗ്രാമ പഞ്ചായത്ത് | 2 -ാം വാർഡിൽ (പേരടിപ്പള്ളം) ഉൾപ്പെട്ട വരുന്ന കാരയൂർപാലം മുതൽ ഗ്രാമം വരെയുള്ള റോഡിന്റെ വലതു ഭാഗം |
| 9. | പള്ളിവാസൽ ഗ്രാമ പഞ്ചായത്ത് | വാർഡ് 4 ൽ ഉൾപ്പെടുന്ന ഫാക്ടറി ഡിവിഷൻ അള്ളാകോവിൽ പാറചെരുവ് റോഡിന്റെ ഇരുവശവും ഉൾപ്പെടുന്ന പ്രദേശങ്ങൾ |
| 10. | കാഞ്ചിയാർ ഗ്രാമപഞ്ചായത്ത് | a) 12 -ാം വാർഡിൽ ഉൾപ്പെട്ട വരുന്ന മൂക്കത്താ കട നാലാം നമ്പർ ഭാഗം പൂർണമായും<br>b) വാർഡ് -15 ൽ കോവാലിപ്പാറ ഹോസ്റ്റൽ പടി മുതൽ പെരിയോൻ കവല തടത്തിൽ പടി റോഡിൻറെ ഒരു വശം മുതൽ ചന്ദ്രൻ സിറ്റി മണ്ണകുന്നേൽ പടിവരെ |
| 11. | കടയത്തൂർ ഗ്രാമപഞ്ചായത്ത് | a) വാർഡ് -**2** ൽ കാഞ്ഞാർ - ആനക്കയം റോഡിന്റെ ഇടതുവശത്തുള്ള കൈപ്പ കോളനി<br>b) 9 -ാം വാർഡിൽ ഉൾപ്പെട്ട വരുന്ന മുസ്ലീം പള്ളി ജംഗ്ഷനിൽ ലക്ഷം വീട് കോളനി പ്രദേശം<br>c) 8, 9 വാർഡുകളിൽ ഉൾപ്പെട്ട വരുന്ന തൊടുപുഴ മൂലമറ്റം റോഡിന്റെ സംഗമം ജംഗ്ഷൻ മുതൽ ബ്ലൈൻഡ് സ്കൂൾ ജംഗ്ഷൻ വരെയുള്ള റോഡിന്റെ ഇരു വശത്തുമുള്ള പ്രദേശങ്ങൾ. |
| 12. | കോടിക്കുളം ഗ്രാമപഞ്ചായത്ത് | 7-ാം വാർഡിൽ റേഷൻകട സമീപത്തുനിന്ന് അംബേദ്കർ കോളനിയിലേക്കുള്ള റോഡിൽ പണ്ടാരി കുന്നേൽ പൗലോച്ചന്റെ വീട് മുതൽ അംബേദ്കർ കോളനി മുഴുവനായും കോട്ട വഴിയുടെ പടിഞ്ഞാറ് പൊട്ടാനിക്കൽ സന്തോഷിന്റെ വീട് വരെയുള്ള ഏഴാം വാർഡിലെ വീടുകൾ. |
| 13. | കട്ടപ്പന നഗരസഭ | a) 24 -ാം വാർഡിൽ ഉൾപ്പെട്ട് വരുന്ന കട്ടപ്പന നഗരസഭ ഇരുപത്തിനാലാം വാർഡ് കടമക്കുഴി ജംഗ്ഷൻ മുതൽ അംബേദ്കർ കോളനി വരെ കടമക്കുഴി മേപ്പാറ റോഡിന് ഇരുവശവും ഉള്ള ഭാഗങ്ങൾ<br>b) വാർഡ് 15 ൽ ഏഴുമുക്ക് മുതൽ ആനകത്തി വരെയുള്ള എസ്റ്റേറ്റ് റോഡിന്റെ ഇരുവശവും |
| 14. | ചിന്നക്കനാൽ ഗ്രാമപഞ്ചായത്ത് | a) 7 -ാം വാർഡിൽ ഉൾപ്പെട്ട് വരുന്ന ചെമ്പകത്തൊഴുകുടി എന്ന പ്രദേശം<br>b)4 -ാം വാർഡിൽ ഉൾപ്പെട്ട് വരുന്ന സൂര്യനെല്ലി പോസ്റ്റോഫീസ് മുതൽ വാടകത്തിയമ്മൻ കോവിൽ റോഡ് (ബാബു ഡ്രൈവർ റോഡ്) വരെയുള്ള പ്രദേശങ്ങൾ |

| | | |
|---|---|---|
| 15. | കോടിക്കുളം ഗ്രാമപഞ്ചായത്ത് | a) 2 -ാം വാർഡ് പൂർണ്ണമായും<br>b) 11 - ാം വാർഡിൽ ഉൾപ്പെട്ടു വരുന്ന പേപ്പതിക്കൽ റോഡ് ആരംഭം മുതൽ ഭാസ്കരൻ പടി ഭാഗം അവസാനം വരെയും മരിയ റബ്ബർ നഴ്സറി കഴിഞ്ഞു പാല്ലപ്പാടം റോഡ് ആരംഭം മുതൽ അവസാനം വരെയുള്ള പ്രദേശങ്ങൾ. |
| 16. | വണ്ണപ്പുറം ഗ്രാമപഞ്ചായത്ത് | 7 -ാം വാർഡ് പൂർണ്ണമായി |
| 17. | ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്ത് | വാർഡ് 9 ൽ വാദ്യംകാവ് പ്രദേശം മാത്രം |
| 18. | കൊക്കയാർ ഗ്രാമപഞ്ചായത്ത് | വാർഡ് 7 ൽ കല്ലേപ്പാലം കോളനി ഭാഗം |

ഈ ഉത്തരവിന് ഇന്നേ ദിവസം **(01.07.2021)** മുതൽ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

ഒപ്പ്/-
ജില്ലാ കളക്ടർ & ചെയർമാൻ
ജില്ലാ ദുരന്ത നിവാരണ അതോറിറ്റി

സ്വീകർത്താക്കൾ -

1. ജില്ലാ പോലീസ് മേധാവി, ഇടുക്കി
2. ജില്ലാ മെഡിക്കൽ ഓഫീസർ (ആ), ഇടുക്കി
3. സബ് കളക്ടർ, ദേവികുളം.
4. റവന്യൂ ഡിവിഷണൽ ഓഫീസർ, ഇടുക്കി.
5. എല്ലാ തഹസിൽദാർമാർക്കും.
6. സെക്രട്ടറി, തൊടുപുഴ/കട്ടപ്പന നഗരസഭ.
7. സെക്ടറൽ മജിസ്ട്രേറ്റുമാർക്ക് (തഹസിൽദാർമാർ മുഖേന)
8. ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്ക് (ഡിഡിപി മുഖേന)
9. ബന്ധപ്പെട്ട വില്ലേജ് ഓഫീസർമാർക്ക് (തഹസിൽദാർ മുഖേന)

പകർപ്പ് -

1. ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്, ഇടുക്കി, തൊടുപുഴ
2. ജില്ലാ ഇൻഫർമേഷൻ ഓഫീസർ, ഇടുക്കി (പ്രസിദ്ധീകരണത്തിനായി)
3. ജില്ലാ ഇൻഫർമാറ്റിക്സ് ഓഫീസർ, എൻ.ഐ.സി, ഇടുക്കി (ജില്ലയുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
4. ജില്ലാ പ്രോജക്ട് മാനേജർ, കേരള സ്റ്റേറ്റ് ഐ.റ്റി.മിഷൻ, ഇടുക്കി ( കൊവിഡ് - 19 ജാഗ്രത പോർട്ടലിൽ കണ്ടെയിൻമെന്റ് സോൺ മാപ്പിംഗ് നടത്തുന്നതിലേക്കായി)
5. ജില്ലാ കളക്ടറുടെ ഔദ്യോഗിക ഫെയ്സ്ബുക്ക് പേജിലേക്ക്

ഉത്തരവിൻ പ്രകാരം

ജൂനിയർ സൂപ്രണ്ട് (ഡി.എം)